സ്പീക്കർക്കുതന്നെ അത് ബോധ്യപ്പെട്ട കാര്യമാണ്. അവിടെയുള്ള രണ്ട് പാലങ്ങൾ അപകടത്തിലാണ്. മൊയ്തു പാലവും ധർമ്മടംപാലവും. 1930-ൽ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റ് ഖാൻ ബഹദൂർ മൊയ്തു സാഹിബ് ഉണ്ടാക്കിയതാണ് മൊയ്തു പാലം. കണ്ണൂർ-തലശ്ശേരി-മാഹി ബൈപ്പാസുകളുടെ പണി അടിയന്തിരമായി ആരംഭിക്കാൻ ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

[11 A.M.] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കണ്ണൂർ-തലശ്ശേരി-മാഹി ബൈപ്പാസ്സിന്റെ നിർമ്മാണം രണ്ട് ഘട്ടമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിന്റെ സ്ഥലമെടുപ്പ് പൂർത്തിയായി. ഒന്നാം ഘട്ടത്തിലെ പൂജ്യം മുതൽ 4.180 വരെയുള്ള ഭാഗത്തെ റോഡ് പണിക്കും അതിനുള്ളിൽ വരുന്ന ധർമ്മടം, അഞ്ചരക്കണ്ടി എന്നീ പാലങ്ങളുടെ പണിക്കുംവേണ്ടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നടപ്പുവർഷത്തെ വാർഷിക പദ്ധതിയിൽ 24 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. അതനുസരിച്ച് 37.1. കോടി രൂപയുടെ അടങ്കൽ ദേശീയ പാതാ വിഭാഗം കേന്ദ്രത്തിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി നിർമ്മിക്കുക, പ്രവർത്തിപ്പിക്കുക, കൈമാറുക എന്ന അടിസ്ഥാനത്തിൽ ഇത് ബി.ഒ.റ്റി യിലുൾപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരുന്നുവെന്നാണ് കേന്ദ്രം അറിയിച്ചത്. രണ്ടാം ഘട്ടത്തിൽ കിലോമീറ്റർ 7.140 മുതൽ 28.3 വരെയാണ്. ഇതിൽ ഏഴ് മുതൽ ഒൻപത് വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി 468 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള ഒന്നാംഘട്ടപദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പണികൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ-തലശ്ശേരി-മഹി ബൈപ്പാസ്സുകളുൾപ്പെടെ ചില പദ്ധതികൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ഏറ്റെടുക്കാനുള്ള സാദ്ധ്യതാ പഠനത്തിന്റെ അടങ്കൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ അടുത്ത ദിവസങ്ങളിൽ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അനുമതി ഉടൻതന്നെ ഈ വർക്കുകൾ ടെന്റർ ചെയ്യുന്നതാണ്.

(14) തട്ടയ്ക്കാട് പാലം പണി

ശ്രീ. എ.കെ. മണി : സർ, തട്ടയ്ക്കാട് കടവിൽ പാലം പണിയുകയെന്ന ആവശ്യം പലപ്പോഴും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഇതുവരെയായൊരു തീരുമാനവും ഈ ഗവൺമെന്റിൽ നിന്നുമുണ്ടായിട്ടില്ല, ഈ പഞ്ചായത്തിലെ ആളുകൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ വളരെയധികം ബുദ്ധിമുട്ടാണ്. വിദ്യാർത്ഥികൾക്ക് സ്കൂളിൽ ചെല്ലാൻ ബുദ്ധിമുട്ടാണ്. ഏതെങ്കിലും അസുഖം പിടിച്ചാൽ കോതമംഗലത്ത് കൊണ്ടുപോകണമെങ്കിൽ ഈ കടവ് കടന്നുവേണം പോകാൻ. അവിടെ പാലമില്ലാത്തതുകൊണ്ട് അവിടത്തെ ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. ഇത് ഒരു പഞ്ചായത്തിന്റെ കാര്യമായി എടുക്കാതെ സംസ്ഥാനത്തിന്റെ വികസനത്തിന്റെ കാര്യമായി എടുക്കേണ്ടതാണ്. സ്പീക്കർക്കും ഈ സഭയിലുള്ള മറ്റ് മന്ത്രിമാർക്കും ഇക്കാര്യം അറിയാം. അവർക്കുതന്നെ അങ്ങോട്ട് കടന്നുചെല്ലാൻ വളരെയേറെ ബുദ്ധിമുട്ടാണ്. ആ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി കേരളത്തിൽ ഒരുപാട് പാലങ്ങൾ പണിഞ്ഞതായി അവകാശപ്പെടുന്ന ഗവൺമെന്റും മന്ത്രിയും ഞങ്ങളെ, പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആൾക്കാരെ സംരക്ഷിക്കുന്ന കാര്യത്തിൽ കുറേക്കൂടി താൽപ്പര്യം കാണിക്കണം. തട്ടയ്ക്കാട് പാലം പണി എത്രയും വേഗം പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ബഹുമാനപ്പെട്ട മെംപർ ഇക്കാര്യം ഉന്നയിച്ചത് നന്നായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ആഘോഷപൂർവ്വം അന്നത്തെ മുഖ്യമന്ത്രി തന്നെ വന്ന് തറക്കല്ലിട്ട ഒരു പാലമാണ്. ഞാൻ ഇത് അന്വേഷിച്ചപ്പോൾ തറക്കല്ലിട്ടതല്ലാതെ പാലം പണിയാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല എന്ന് അറിഞ്ഞു. എ.എസ്. ഇല്ല, ടെണ്ടർ ഇല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പാലത്തിന്റെ കാര്യം ഗൗരവതരമായി എടുത്തു. പാലം പണിയുന്നുവെന്ന് പറയുന്ന ഗവൺമെന്റല്ല, പാലം പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണ്. തട്ടയ്ക്കാട് പാലം പണിക്ക് 19-3-1998-ൽ 595 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഈ പണിക്ക് പ്രീകാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും അതിൽനിന്നും യോഗ്യതയുള്ള കരാറുകാരെ തെരഞ്ഞെടുക്കുകയും അവരിൽനിന്ന് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ലംപ്സം കോൺട്രാക്റ്റാണ്. 6 കോടി രൂപ കോട്ട് ചെയ്ത ഭഗീരഥാ കൺസ്ട്രക്ഷൻ കംപനിക്ക് കോൺട്രാക്റ്ററായി ഈ വർക്ക് കൊടുക്കുന്നതിന് ടെണ്ടർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പണി തുടങ്ങാൻ പോകുകയാണ്. അദ്ദേഹം പറഞ്ഞത് എന്താണ്? ഇവിടെ ധാരാളം പണികൾ നടക്കുന്നു, എന്റെ നിയോജകമണ്ഡലത്തിലും പാവപ്പെട്ട ആളുകളുടെ നിയോജകമണ്ഡലങ്ങളിലും പണികൾ ചെയ്യണം എന്നാണ്. അദ്ദേഹം ഈ നിയമസഭയിൽ പറഞ്ഞതാണ്, പത്രത്തിലും വന്നതാണ്. അതിനുശേഷവും അവഗണിക്കുന്നുവെന്ന സ്വരത്തിൽ സംസാരിക്കുന്നത് ശരിയാണോ? അതുകൊണ്ടാണ് പറഞ്ഞരണ്ടു മാസത്തിനുള്ളിൽ ഈ പാലത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

(15) പോളിടെക്നിക്കുകളിൽ പിന്നോക്കം വിഭാഗക്കാർക്ക് വെയിറ്റേജ് മാർക്ക്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, സംസ്ഥാനത്തെ പോളിടെക്നിക്കുകളിലേയ്ക്കുള്ള സെലക്ഷൻ ഇപ്പോൾ ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. സംസ്ഥാനത്തെ പോളിടെക്നിക്കുകൾക്ക് പ്രത്യേകം പരിഗണനയില്ലാത്തതുകൊണ്ട് ജില്ലാടിസ്ഥാനത്തിലുള്ള സെലക്ഷൻ കൊണ്ട് പിന്നോക്ക ജില്ലകളിലെ വിദ്യാർത്ഥികൾക്ക് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് പിന്നോക്ക ജില്ലകളിലെ കുട്ടികൾക്ക് ഇൻഡക്സ് മാർക്കിൽ അഞ്ച് ശതമാനം വെയിറ്റേജ് മാർക്ക് നൽകണമെന്നും വെയിറ്റേജ് മാർക്ക് നൽകുന്ന ജില്ലകളുടെ കൂട്ടത്തിൽ മലപ്പുറം ജില്ലയെയും കൂടി ഉൾപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പോളിടെക്നിക്കുകളിൽ പ്രവേശനത്തിനുള്ള വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ പിന്നോക്ക ജില്ലകളിലെ വിദ്യാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനെ സംബന്ധിച്ചുള്ള പ്രശ്നം വളരെ ഗൗരവതരമായിട്ടുതന്നെയാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഇതനുസരിച്ച് വയനാട്, ഇടുക്കി, പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ പിന്നോക്ക ജില്ലകളിലെ

LIBRARY ARCHIVES Kerala Legislative Assembly